**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3850** **27-06-2024 - ൽ മറുപടിയ്ക്ക്**

**പശുക്കളെ ഇൻഷ്വർ ചെയ്യാനുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | ക്ഷീര കർഷകർക്ക് സഹായകരമായ രീതിയിൽ കേരളത്തിലെ മുഴുവൻ പശുക്കളേയും ഇൻഷ്വർ ചെയ്യാനുള്ള പദ്ധതികൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ? | (എ) | മൃഗസംരക്ഷണ വകുപ്പ് മുഖേന സംസ്ഥാനമൊട്ടാകെ നടപ്പിലാക്കുന്ന സംസ്ഥാന സർക്കാർ പദ്ധതിയായ ഗോസമൃദ്ധി കന്നുകാലി ഇൻഷുറൻസ് പദ്ധതിയും, കേന്ദ്ര സർക്കാർ സഹായത്തോടെ നടപ്പിലാക്കുന്ന എൻ എൽ എം ഇൻഷുറൻസ് പദ്ധതിയും കേരളത്തിലെ മുഴുവൻ പശുക്കളെയും ഇൻഷ്വർ ചെയ്യുവാൻ ലക്ഷ്യമിടുന്നു. ഇൻഷുറൻസ് പദ്ധതിക്ക് 1 വർഷം, 3 വർഷം എന്നിങ്ങനെ രണ്ടു പരിരക്ഷാ കാലയളവുകളാണ് ഉള്ളത്. ഏഴു ലിറ്ററോ അതിൽ കൂടുതലോ പാലുതരുന്ന 2 മുതൽ 10 വയസ്സ് വരെ പ്രായമുള്ള പശുക്കൾക്കും എരുമകൾക്കുമായാണ് ഈ ഇൻഷുറൻസ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. മൂന്നാമത്തെ ട്രൈമസ്റ്റർ ഗർഭാവസ്ഥ അഥവാ 7 മാസത്തിനു മുകളിൽ ഗർഭമുള്ള കിടാരികൾക്കും ഈ ഇൻഷുറൻസ് പരിരക്ഷ ലഭിക്കുന്നതാണ്. 1 ലക്ഷം രൂപ വരെ മതിപ്പു വിലയുള്ള ഉരുക്കളെ ഈ പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്യുന്നതിന് സാധിക്കും. പശുവിനെ ഇൻഷ്വർ ചെയ്യുമ്പോൾ 65,000 രൂപ വരെയുള്ള മതിപ്പുവിലക്കു മൃഗസംരക്ഷണ വകുപ്പ് 50% സബ്സിഡി SC/ST വിഭാഗത്തിൽ വരുന്ന കർഷകർക്ക് 70% സബ്സിഡിയും പ്രീമിയം തുകയിൽ നൽകുന്നു.<br><br>സംസ്ഥാനത്തെ പ്രജനനയോഗ്യമായ കന്നുകാലികളിൽ പകുതിയോളം അതായതു ഏകദേശം മൂന്നരലക്ഷം കന്നുകാലികൾക്ക് ഇൻഷുറൻസ് പരിരക്ഷ ലഭ്യമാകുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കി അനുമതിക്കായി കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുള്ളതാണ്. കൂടാതെ സംസ്ഥാനത്തെ പ്രജനനയോഗ്യമായ എല്ലാ കന്നുകാലികൾക്കും ഇൻഷുറൻസ് പരിരക്ഷ ഉറപ്പുവരുത്തുന്നതിനായി യൂണിവേഴ്സൽ ഇൻഷുറൻസ് പദ്ധതിയും പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ